LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് വിജിലൻസ് കേസന്വേഷണം നടന്നുവരുന്നത്. കേസ്സിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി ബാർ ഉടമകളിൽനിന്ന് ഒരു കോടി രൂപ കൈക്കൂലി വാങ്ങിയെന്ന ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് ഉന്നയിച്ച ആക്ഷേപം ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ് അച്ചുതാനന്ദൻ 1-11-2014 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയ പരാതിയിന്മേൽ കൃത്യം വെരിഫിക്കേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസ് (വി.സി.06/14/എസ്.ഐ.യു.-I) രജിസ്റ്റർ ചെയ്തത്. കേസന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ നൽകുവാൻ നിർവ്വാഹമില്ല.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രാഥമികാന്വേഷണം നടന്നു വരുന്നു. അന്വേഷണം തീരുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രിമാരെ മാറ്റി നിർത്തണമെന്ന് വിജിലൻസ് അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ടി വിഷയവുമായി ബന്ധപ്പെട്ട് അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

ജനകീയ പ്രക്ഷോഭങ്ങൾക്കുനേരെ പോലീസ് നടപടി

193 (197) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്, ടിയർ ഗ്യാസ് ഷെൽ പ്രയോഗം, ജല പീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ 33 പോലീസ് ലാത്തിച്ചാർജ്ജും 91 ടിയർ ഗ്യാസ് ഷെൽ പ്രയോഗവും 73 ജല പീരങ്കി പ്രയോഗവും നടത്തിയിട്ടുണ്ട്.

(ബി) പോലീസ്, ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ 11 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ പൊതുനിരത്തിൽ പ്രകടനം നടത്തിയ 468569 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

194 (198) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റസ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്രയാണ് ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസ്സുകൾ എത്രയാണെന്നും അതിൽ ഒരു വർഷവും രണ്ട് വർഷവും അതിൽ കൂടുതലും പിന്നിട്ട കേസ്സുകൾ എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) തീരുമാനമാകാത്ത കേസ്സുകളിൽ എത്രപേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട് ;

(ഇ) പ്രസ്തുത കേസ്സുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെനടന്ന അതിക്രമങ്ങൾ എത്രയെന്നും കൊലപാതകങ്ങൾ, സ്ത്രീപീഡനങ്ങൾ, ബലാത്സംഗങ്ങൾ എന്നിവ എത്ര വീതമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,766 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) 924 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുണ്ട്.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസുകൾ - 519

ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയിലുള്ള കേസുകൾ - 51

രണ്ടു വർഷത്തിനും മൂന്നു വർഷത്തിനുമിടയിലുള്ള കേസ്സുകൾ - 11

മൂന്നിൽ കൂടുതൽ വർഷം പിന്നിട്ട കേസുകൾ - 16

LIBRARY ARCHIVES Kerala Legislative Assembly